പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ 5731

03/11/2016- ൽ മറുപടിയ്ക്ക്.

# സബ്സിഡി നിരക്കിലുള്ള കാലിത്തീറ്റ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ ജോർജ് .എം. തോമസ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) ക്ഷീര വികസന വകുപ്പിൻ കീഴിൽ ക്ഷീര കർഷകരുടെ കിടാരികൾക്ക് സബ്സിഡി നിരക്കിൽ നല്കിവരുന്ന കാലിത്തീറ്റ വിതരണത്തിൽ എന്തെങ്കിലും തടസ്സമുണ്ടായിട്ടുണ്ടെങ്കിൽ കാരണം വിശദമാക്കുമോ; | (എ) ക്ഷീര വികസന വകുപ്പ് മുഖേന കിടാരികൾക്ക് കാലിത്തീറ്റ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതി നിലവിലില്ല. എന്നാൽ മൃഗ സംരക്ഷണ വകുപ്പിൻ കീഴിൽ സബ്സിഡിയോടു കൂടിയുള്ള കാലിത്തീറ്റ മിൽമയുടെ കാലിത്തീറ്റ ഫാക്ടറികളിൽ നിന്നും കേരള ഫീഡ്സിന്റെ കാലിത്തീറ്റ ഫാക്ടറികളിൽ നിന്നും വിതരണം ചെയ്യുന്നുണ്ട്.<br>അന്യസംസ്ഥാനങ്ങളിൽ നിന്നും ലഭിക്കേണ്ട അസംസ്കൃത വസ്തുക്കളുടെ ലഭ്യതയിൽ കുറവ് നേരിട്ടതു മൂലം ഇപ്രകാരം നൽകേണ്ട കാലിത്തീറ്റ വിതരണത്തിൽ ചെറിയ തടസ്സങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും കഴിയുന്നത്ര കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് മിൽമ ശ്രമിക്കുന്നുണ്ട്. |
| (ബി) സബ്സിഡി നിരക്കിലുള്ള കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (ബി) ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.